# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യൂണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in


# കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 64/2020 (ചൊവ്വാഴ്ച)** **തീയ്യതി:27.10.2020**

## അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 28.10.2020 | 29.10.2020 | 30.10.2020 | 31.10.2020 | 01.11.2020 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 14 | 10 | 15 | 25 | 20 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 68 | 68 | 68 | 68 | 68 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 8 | 8 | 8 | 8 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 320 | 250 | 290 | 270 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 8 | 4 |

ജില്ലയിൽ വരും ദിവസങ്ങളിൽ നേരിയ മഴ മുതൽ മിതമായ മഴയ്ക്ക് വരെ സാധ്യത. കൂടിയ താപനില 33 °C വരെയും കുറഞ്ഞ താപനില 25 °C വരെയും ആകാൻ സാധ്യത.

**പൊതു നിർദ്ദേശങ്ങൾ**: തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി തെങ്ങിന്റെ ചുവട്ടിൽ നിന്നു മൂന്നു മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാല് കീറിയോ, ഓരോ തെങ്ങിന്റെ കടക്കു ചുറ്റും തടിയിൽ നിന്നും രണ്ടു മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകൾ എടുത്തോ, അതിൽ ചകിരികൾ നിരത്തിയ ശേഷം മണ്ണിട്ട് മൂടാം.

## കാർഷിക നിർദ്ദേശങ്ങൾ

| വിള | രോഗ കീടങ്ങൾ/ വിളപരിപാലനം | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | പോളരോഗം | നെൽപ്പാടങ്ങളിൽ നെൽച്ചെടിയെ ബാധിക്കുന്ന പോളരോഗം കാണാൻ സാധ്യതയുണ്ട്. പാടങ്ങളിൽ നെൽച്ചെടിയുടെ കടഭാഗത്തു നിന്ന് തുടങ്ങുന്ന പൊള്ളിയ പോലുള്ള പാടുകളാണ് ഈ രോഗത്തിന്റെ ലക്ഷണം. ഓലയുടെ പോളയുടെ മുകളിൽ കാണുന്ന ഈ പാടുകൾ രോഗം അധികരിക്കുമ്പോൾ ഇലകളിലേക്കു വ്യാപിക്കുകയും ഇലകൾ കരിഞ്ഞു പോകുകയും ചെയ്യുന്നു. ഈ രോഗം ബാധിക്കാതിരിക്കാനുള്ള മുൻകരുതലായി ട്രൈക്കോഡെർമ ഏക്കറിന് ഒരു കിലോ എന്ന കണക്കിൽ ഞാറു പറിച്ചുനട്ടു ഒരാഴ്ചക്ക് ശേഷം ജൈവവളവുമായി കലർത്തി പാടത്തു ഇട്ടുകൊടുക്കാം. കൂടാതെ പറിച്ചു നട്ടു ഒരു മാസത്തിനു ശേഷം ഇത് 10 ഗ്രാം ഒരു ലിറ്ററിന് എന്ന തോതിൽ തളിച്ച് കൊടുക്കുക. രോഗം അധികരിക്കുന്ന സാഹചര്യത്തിൽ പ്രൊപികൊണസോൾ 1 ml ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചുകൊടുക്കാവുന്നതാണ്. |
| തെങ്ങ് | കടചീയൽ | തെങ്ങിൽ വരാൻ സാധ്യതയുള്ള കടചീയൽ രോഗത്തിന് മുൻകരുതലായി 50 ഗ്രാം ട്രൈക്കോഡെർമ തെങ്ങൊന്നിന് എന്ന കണക്കിൽ ജൈവ വളവുമായി ചേർത്ത് ചുവട്ടിൽ ഇട്ടുകൊടുക്കുക. എന്നാൽ ചെന്നീരൊലിപ്പ് ശ്രദ്ധയിൽപ്പെട്ടാൽ നീരൊലിക്കുന്ന ഭാഗം ചെത്തി വൃത്തിയാക്കി ട്രൈക്കോഡെർമ കുഴമ്പു രൂപത്തിലാക്കി തേച്ചുകൊടുക്കുക. |
| വെണ്ട | ഇലപ്പുള്ളിരോഗം | വെണ്ടയിൽ വരാൻ സാധ്യതയുള്ള ഇലപ്പുള്ളി രോഗത്തിനെതിരായി 20 ഗ്രാം ട്രൈക്കോഡെർമ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക. കീടനാശിനികളായ മാങ്കോസെബ് (3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ ടെബുകൊണാസോൾ (1 ml ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) എന്നിവയിൽ ഏതെങ്കിലും തളിച്ച് കൊടുക്കാവുന്നതാണ്. |
| ഇഞ്ചി | മൂട് ചീയൽ | ഇഞ്ചിയിൽ മൂട് ചീയൽ രോഗം ശ്രദ്ധയിൽപ്പെട്ടാൽ 3 ഗ്രാം കോപ്പർ ഓക്സി ക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ചുവട്ടിൽ ഒഴിച്ച് കൊടുക്കുക. |